**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 563** **30-01-2024 - ൽ മറുപടിയ്ക്ക്**

**നികുതി കുടിശിക ഈടാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വ്യാജ മദ്യ വിതരണവുമായി ബന്ധപ്പെട്ട് ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങിയ ചന്ദ്രൻ അഥവാ മണിച്ചൻ സർക്കാരിലേക്ക് നികുതി കുടിശികയായി എത്ര തുക നൽകാനുണ്ട്; കുടിശിക ഉൾപ്പെട്ട വർഷം, നികുതി, പലിശ, പിഴ എന്നിവയുടെ വിശദാംശം നൽകാമോ; പ്രസ്തുത കുടിശിക ഈടാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | വ്യാജ മദ്യ വിതരണവുമായി ബന്ധപ്പെട്ട് ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങിയ ചന്ദ്രൻ അഥവാ മണിച്ചൻ സർക്കാരിലേക്ക് നികുതി കുടിശികയായി അടയ്ക്കാനുള്ള തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br><br>മേൽപ്പറഞ്ഞ കുടിശ്ശികയും പലിശയും ഈടാക്കുന്നതിനായി ജില്ലാ കളക്ടർ മുൻപാകെ റവന്യൂ റിക്കവറി നടപടിക്കായി സമർപ്പിച്ചിരുന്നു. പ്രസ്തുത കുടിശ്ശിക ഈടാക്കുന്നതിനായി കക്ഷിക്കെതിരെ കേരള റവന്യൂ റിക്കവറി നിയമം, 1968 പ്രകാരം ആർ.ആർ. നടപടി സ്വീകരിച്ച് ടിയാന്റെ വസ്തു ജപ്തി ചെയ്തിട്ടുള്ളതാണ്. |
| (ബി) | കുടിശിക ഈടാക്കുവാൻ ചിറയിൻകീഴ് തഹസിൽദാർ പ്രസ്തുത വ്യക്തിയുടെ സ്ഥാവര ജംഗമ വസ്തുക്കൾ ലേലത്തിന് വെച്ചിരുന്നോ; ഇതിനെതിരെ കുടിശികക്കാരൻ നൽകിയ ഹർജി ബഹു. കേരള ഹൈക്കോടതി സിംഗിൾ ബെഞ്ചും ഡിവിഷൻ ബെഞ്ചും നിരസിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ലേല നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | കുടിശ്ശിക ഈടാക്കുന്നതിനായി കക്ഷിയുടെ പേരിലുള്ള വസ്തു ജപ്തി ചെയ്ത് ലേലം നിശ്ചയിച്ചിരുന്നതാണ്. ആയതിനെതിരെ ടിയാൻ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 23479/03 നമ്പർ കേസ് 23.07.2003-നും, WP(C) 23347/04 നമ്പർ കേസ് 11.08.2004-നും, IA 6058/07 in WP(C) 23258/06 നമ്പർ കേസ് 30.10.2007-നും, WA 2727/07 നമ്പർ കേസ് 11.12.2007-നും, ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത SLP 23978/08 നമ്പർ കേസ് 07.08.2009-നും സർക്കാരിനനുകൂലമായി തീർപ്പാക്കിയിട്ടുള്ളതിനാൽ കക്ഷിയുടെ പേരിൽ ചിറയിൻകീഴ് താലൂക്കിൽ കുന്തള്ളൂർ വില്ലേജിൽ സർവ്വേ നം. 2046/ബി1 ൽ ഉൾപ്പെട്ട 15 സെന്റ്, സർവ്വെ നം. 2048/ബി 4 ൽ ഉൾപ്പെട്ട 8 സെന്റ്, സർവ്വെ നം. 2046/ബി1 ൽ ഉൾപ്പെട്ട 5 സെന്റ്, സർവ്വെ നം. 2048/4-17 ൽ ഉൾപ്പെട്ട 02 സെന്റ്, സർവ്വെ നം. 2046/ബി2 ൽ ഉൾപ്പെട്ട 13 സെന്റ് എന്നിവയുൾപ്പെടെ ആകെ 43 സെന്റ് ഭൂമി ലേലം ചെയ്യുകയും, ലേലം കൊള്ളാൻ ആരും തയ്യാറാകാതിരുന്നതിനാൽ ടി വസ്തു |

| | | | |
|---|---|---|---|
| | | | സർക്കാരിലേക്ക് ഏറ്റെടുത്ത് ബോട്ട് ഇൻ-ലാൻഡ് ആക്കി മാറ്റുകയും, ടി നടപടി 20.11.2008-ൽ Ddis/19187/08/A നമ്പർ പ്രകാരം തിരുവനന്തപുരം സബ് കളക്ടർ സ്ഥിരീകരിക്കുകയും വസ്തു ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ടി വസ്തു ഭൂരഹിതർക്ക് പതിച്ചു കൊടുക്കുന്നതിനെതിരെ ബഹു. കേരള ഹൈക്കോടതി മുമ്പാകെ കക്ഷി ഫയൽ ചെയ്ത WP(C) 28530/13 നമ്പർ കേസ് ബഹു. കോടതിയുടെ പരിഗണനയിലാണ്. |
| (സി) | നികുതി കുടിശിക ഇളവ് ചെയ്ത് തരണമെന്ന് ആവശ്യപ്പെട്ട് കുടിശികക്കാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും കുടിശിക എഴുതി തള്ളാൻ നികുതി വകുപ്പ് ശിപാർശ നൽകിയോയെന്നും വ്യക്തമാക്കാമോ? | (സി) | നികുതി കുടിശ്ശിക ഇളവ് ചെയ്യണമെന്നാവശ്യപ്പെട്ട് കുടിശ്ശികക്കാരൻ സർക്കാരിൽ അപേക്ഷയൊന്നും സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വർഷം | വില്പന നികുതി | സർചാർജ്ജ് | ടി.ഓ.ടി. | പലിശ |
|---|---|---|---|---|
| 1998-99 | 2,68,83,943/- | 26,88,394/- | 5,94,475/- | 8,98,97,100/- |
| 1999-2000 | 2,91,33,005/- | 29,13,031/- | 38,98,822/- | 10,28,02,294/- |

**സെക്ഷൻ ഓഫീസർ**